# കേരള തീരദേശ പരിപാലന അതോറിറ്റി
## പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് കാര്യാലയം

നാലാം നില, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ, തമ്പാനൂർ,തിരുവനന്തപുരം- 695 001
ഫോൺ - 0471 2339696 (ഓഫീസ്)

File No: 08/A2/2019/KCZMA Date: 26.04.2023

## അറിയിപ്പ്

2011 ലെ തീരദേശ പരിപാലന വിജ്ഞാപനം മറികടന്ന് 18.01.2019 ലെ നോട്ടിഫിക്കേഷൻ നമ്പർ G.S.R.37(E) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിജ്ഞാപനത്തിന്റെ ഖണ്ഡിക 6 പ്രകാരം വിജ്ഞാപനത്തിന് അനുസൃതമായ തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് സംസ്ഥാന സർക്കാർ നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS) നെ ചുമതലപ്പെടുത്തിയിരുന്നു. ആയത് പ്രകാരം തയ്യാറാക്കിയ തീരദേശ പരിപാലന പ്ലാനിന്റെ കരടിന്മേൽ നിർദ്ദേശങ്ങളും പരാതികളും സ്വീകരിക്കുന്നതിലേയ്ക്കായി ഒരു പബ്ലിക് ഹിയറിംഗ് 01.06.2023 ൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പബ്ളിക് ഹിയറിംഗിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊപ്പോണന്റ് | മെമ്പർ സെക്രട്ടറി<br>കേരള തീരദേശ പരിപാലന അതോറിറ്റി<br>നാലാം നില, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ, തമ്പാനൂർ,<br>തിരുവനന്തപുരം- 695 001,<br>ഫോൺ - 0471 2339696<br>E-mail: kczmasandtd@gmail.com |
| കോഴിക്കോട് ജില്ലയുടെ തീരദേശ പരിപാലന പ്ലാനിൽ ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | **കോർപറേഷൻ** : (1) കോഴിക്കോട്<br>**മുനിസിപ്പാലിറ്റികൾ :(5)** വടകര, പയ്യോളി, കൊയിലാണ്ടി, രാമനാട്ടുകര, ഫെറോക്ക്<br>**ഗ്രാമപഞ്ചായത്തുകൾ** :(29) തുണേരി, ഇടച്ചേരി, ഏറാമല, അഴിയൂർ, ഒഞ്ചിയം, ചോറോട്, മണിയൂർ, തിരുവല്ലൂർ, വേളം, ചെറുവണ്ണൂർ, തുറയൂർ, തിക്കോടി, മൂടാടി, കീഴാരിയൂർ, നടുവണ്ണൂർ, കൊട്ടൂർ, ബാലുശ്ശേരി, ഉള്ളിയേരി, ചെങ്ങോട്ടുകാവ്, ചേമൻചേരി, അത്തോളി, തലകുളത്തൂർ, ചേലന്നൂർ, കക്കോടി, ഒളവണ്ണ, പെരുമന്ന, പെരുവയൽ, മാവൂർ, കടലുണ്ടി |

| | |
|---|---|
| പബ്ലിക് ഹിയറിംഗിന്റെ **തീയതി, സമയം, സ്ഥലം** | **01.06.2023, 10.30 AM**<br>കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, സിവിൽ സ്റ്റേഷൻ,<br>കോഴിക്കോട് - 673 020. |

കരട് തീരദേശ പരിപാലന പ്ലാൻ താഴെ പറയുന്ന കാര്യാലയങ്ങളിലും **coastal.keltron.org & keralaczma.gov.in** - എന്നീ വെബ്സൈറ്റുകളിലും പരിശോധനയ്ക്കായി ലഭ്യമാണ്.

1. ജില്ലാ കളക്ടറുടെ ഓഫീസ്, കോഴിക്കോട്
2. ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോഴിക്കാട്
3. ജില്ലാ പഞ്ചായത്ത് ഓഫീസ്, കോഴിക്കോട്
4. മേൽ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന തദ്ദേശ സ്വയംഭരണ സെക്രട്ടറിമാരുടെ കാര്യാലയങ്ങൾ.
5. പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് കാര്യാലയം, നാലാം നില, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ, തമ്പാനൂർ, തിരുവനന്തപുരം- 695 001
6. ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം(NCESS), GWF5+4WM, ഉള്ളൂർ, ആക്കുളം റോഡ്, ആക്കുളം, തിരുവനന്തപുരം - 695011

ഈ നോട്ടീസ് പുറപ്പെടുവിക്കുന്ന തീയതി മുതൽ 30 ദിവസത്തിനുള്ളിൽ പൊതുജനങ്ങൾക്ക് തങ്ങളുടെ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും, പരാതികളും പോസ്റ്റ് മുഖേന താഴെ പറയുന്ന വിലാസത്തിലോ, kczmasandtd@gmail.com എന്ന ഇമെയിൽ മുഖേനയോ എഴുതി അറിയിക്കാവുന്നതാണ്. കൂടാതെ പൊതുജനങ്ങൾക്ക് തങ്ങളുടെ അഭിപ്രായങ്ങൾ **"coastal.keltron.org"** എന്ന വെബ്സൈറ്റിലെ "grievances" എന്ന ഓപ്ഷൻ മുഖേനയും സമർപ്പിക്കാവുന്നതാണ്.

**"മെമ്പർ സെക്രട്ടറി**
**കേരള തീരദേശ പരിപാലന അതോറിറ്റി**
**നാലാം നില, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ,**
**തമ്പാനൂർ, തിരുവനന്തപുരം-** 695 001"

അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരാതികളും പബ്ളിക് ഹിയറിംഗ് സമയത്ത് നേരിട്ടോ, രേഖാമൂലമോ സമർപ്പിക്കുന്നതിന് അവസരം ഉണ്ടായിരിക്കുന്നതാണ്.

**Sd/-**
**സുനീൽ പമിടി ഐ എഫ് എസ്**
**മെമ്പർ സെക്രട്ടറി**
**കേരള തീരദേശ പരിപാലന അതോറിറ്റി**